# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2285 — 18.12.2012- ൽ മറുപടിക്ക്

## ലോൺ തിരിമറി നടത്തിയ സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിന്റെ മാലക്കല്ല് ശാഖയിൽ നിന്ന് ലോൺ തിരിമറി നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | ബി) കാസർഗോഡ് ജില്ലാസഹകരണ ബാങ്കിന്റെ മാലക്കല്ല് ശാഖയിലെ ക്ലാർക്ക് ശ്രീ. പി.എ കബീർ കുടുംബശ്രീ വായ്പ നൽകിയതിൽ 12,00,000/- രൂപയുടെ ക്രമക്കേട് നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| സി) ഈ സംഭവവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) മാലക്കല്ല് ശാഖയിലെ വായ്പാക്രമക്കേടുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വായ്പാ ക്രമക്കേട് നടന്നിട്ടുള്ള കാലയളവിൽ മാലക്കല്ല് ശാഖയിലെ സീനിയർ മാനേജർ ആയിരുന്ന ശ്രീ. പി.എസ്. ഗിരീഷ് കുമാർ, സീനിയർ അക്കൗണ്ടന്റ്, ശ്രീ. സി.ആർ നാരായണൻ, ക്ലാർക്ക് ശ്രീ. കബീർ പി.എ എന്നിവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും വിശദമായ അന്വേഷണം നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ